ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ 23 തസ്തികകളും ധനവകുപ്പിൽ 49 തസ്തികകളും, വിവിധ വകുപ്പുകളിലായി 3570 തസ്തികകളുമുൾപ്പെടെ മൊത്തം 3642 തസ്തികകൾ വെട്ടിക്കുറച്ച് ഉത്തരവായിട്ടുണ്ട്.

(ബി & സി) അനുബന്ധം (എ),(ബി), (സി), (ഡി), (ഇ)യായി ഉള്ളടക്കം ചെയ്തിട്ടുണ്ട്. †

(ഡി—എഫ്) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ ജീവനക്കാർ രചിക്കുന്ന പുസ്തകങ്ങൾ

145 [728] ശ്രീ. അടൂർ പ്രകാശ്:
,, കെ. മോഹൻകുമാർ:
,, എം. എ. ചന്ദ്രശേഖരൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ രചിക്കുന്ന പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ഗവൺമെന്റിന്റെ അനുവാദം ആവശ്യമാണോ;

(ബി) ആണെങ്കിൽ ഗവൺമെന്റിന്റെ അനുമതിയില്ലാതെ സർക്കാർ ജീവനക്കാർ പുസ്തകം പ്രസിദ്ധീകരിക്കുന്നതിനെതിരെ എന്തു നടപടിയാണ് സ്വീകരിക്കാറുള്ളത്;

(സി) സർക്കാർ ജീവനക്കാർ ഗവൺമെന്റ് നയത്തെ വിമർശിച്ചുകൊണ്ടുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാറുണ്ടോ;

(ഡി) പോലീസ് അസോസിയേഷന്റെ സി.പി.ഐ. (എം) അനുകൂലിയായ മുൻഭാരവാഹി 'പോലീസ് നയം' എന്ന പേരിൽ ഒരു പുസ്തകം രചിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ പുസ്തകത്തിന് പോലീസ് ജീവനക്കാരുടെ ഇടയിൽ വ്യാപകമായ പ്രചാരണം നൽകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ—സി)) നേരത്തെ നൽകിയിട്ടുണ്ട്.

(ഡി) ഹെഡ് കോൺസ്റ്റബിളായി സർവ്വീസിൽ നിന്നും വിരമിച്ച കേരളാ പോലീസ് അസോസിയേഷന്റെ മുൻ സെക്രട്ടറി ശ്രീ. ജോർജ് ഫ്രാൻസിസ് കൺവീനറായി 'സമകാലിക പോലീസ് നയത്തിന്റെ കാണാപ്പുറം ചില സംഘടനാ ചിന്തകളും' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യത്തെപ്പറ്റി ഊർജ്ജിത അന്വേഷണം നടക്കുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly